ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 06.12.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1). പ്രതിപക്ഷ ബഹളത്തെ തുടർന്ന് ലോക്സഭ ഇന്നത്തേക്ക് പിരിഞ്ഞു. രാജ്യസഭയിൽ നടപടിക്രമങ്ങൾ പുരോഗമിക്കുന്നു.

The Lok Sabha was adjourned for the day following opposition uproar. Proceedings in progress in Rajya Sabha.

2) അടിസ്ഥാന ബാങ്കിങ് നിരക്കുകളിൽ തുടർച്ചയായ 11-ാം തവണയും മാറ്റം വരുത്താതെ ആർ.ബി.ഐ. റിപ്പോ നിരക്ക് 6.5 ശതമാനമായി തുടരും.

The Reserve Bank of India keeps the repo rate unchanged at 6.50 per cent for the eleventh time in a row.

3) വയനാട് ദുരന്തത്തിൽ സംസ്ഥാനം വിശദമായ നിവേദനം നൽകിയത് മൂന്നരമാസത്തിന് ശേഷമാണെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ.

Union Home Minister Amit Shah informed that the Kerala Government has submitted the assessment memo of Wayanad landslide only after three and a half months.

4) 69-ാമത് മഹാ പരിനിർവാൺ ദിവസിൽ ഡോ. ബി.ആർ അംബേദ്കറിന് രാജ്യത്തിൻറെ ശ്രദ്ധാഞ്ജലി.

Nation pays homage to Bharat Ratna Dr. BR Ambedkar on Mahaparinirvan Diwas today, marking his 69th death anniversary.

5) ക്ഷയരോഗ വെല്ലുവിളികൾ നേരിടുന്നതിനുള്ള നൂറ് ദിവസത്തെ ഊർജ്ജിത പ്രചാരണ പരിപാടിക്ക് കേന്ദ്ര സർക്കാർ നാളെ ഹരിയാനയിൽ തുടക്കം കുറിക്കും.

**Union Health and Family Welfare Minister Jagat Prakash Nadda will launch a 100- day intensified campaign tomorrow in Haryana's Panchkula to address the challenges of tuberculosis (TB) incidence and mortality across the country.**

6) ബോർഡർ - ഗവാസ്കർ ട്രോഫി ടെസ്റ്റ് ക്രിക്കറ്റിൽ, ഇന്ത്യയും ഓസ്ട്രേലിയയും തമ്മിലുള്ള രണ്ടാം മത്സരം പുരോഗമിക്കുന്നു.

**The second test match between India and Australia is in progress in Border – Gavaskar Trophy cricket.**

=============================================================

## LOK SABHA

പ്രതിപക്ഷ ബഹളത്തെ തുടർന്ന് ലോക്സഭ ഇന്നത്തേക്ക് പിരിഞ്ഞു. ഒരു പ്രമുഖ വ്യവസായ ഗ്രൂപ്പിനെതിരായ കൈക്കൂലി ആരോപണം ഉൾപ്പെടെ വിവിധ വിഷയങ്ങൾ ഉന്നയിച്ചാണ് പ്രതിപക്ഷ എംപിമാർ സഭയിൽ പ്രതിഷേധിച്ചത്. ലോക്സഭാ സമ്മേളനം ആരംഭിച്ചപ്പോൾ മുതൽ കോൺഗ്രസ് ഉൾപ്പെടെയുള്ള പ്രതിപക്ഷ പാർട്ടികൾ സഭയിൽ പ്രതിഷേധം ആരംഭിച്ചു. ചോദ്യോത്തര വേള തുടരാൻ അനുവദിക്കണമെന്ന് സ്പീക്കർ ഓം ബിർള ആവശ്യപ്പെട്ടെങ്കിലും പ്രതിപക്ഷം വഴങ്ങിയില്ല. തുടർന്ന് 12 മണി വരെ നിർത്തിവച്ച് സഭ വീണ്ടും ചേർന്നെങ്കിലും പ്രതിപക്ഷം ബഹളം തുടർന്നതിനാൽ സഭ ഇന്നത്തേക്ക് പിരിയുകയായിരുന്നു. കൈക്കൂലി ആരോപണത്തിൽ സംയുക്ത പാർലമെൻററി സമിതി അന്വേഷണം ആവശ്യപ്പെട്ട് പ്രതിപക്ഷ എംപിമാർ പിന്നീട് പാർലമെൻറ് സമുച്ചയത്തിൽ പ്രതിഷേധ മാർച്ചും സംഘടിപ്പിച്ചു.

=============================================================

## RS-CURRENCY / SINGHVI-CURRENCy

രാജ്യസഭാ ചേമ്പറിൽ നിന്ന് പതിവ് പരിശോധനയ്ക്കിടെ ഒരുകെട്ട് കറൻസി നോട്ട് കണ്ടെത്തിയതായി സഭാധ്യക്ഷൻ ജഗദീപ്

ധൻകർ . കോൺഗ്രസ് എം പി അഭിഷേക് മനു സിങ്‌വിക്ക് അനുവദിച്ചിട്ടുള്ള 222 ആം നമ്പർ സീറ്റിൽ നിന്നാണ് സുരക്ഷാ ജീവനക്കാർ പണം കണ്ടെത്തിയത്. സംഭവത്തിൽ അന്വേഷണം പുരോഗമിക്കുകയാണെന്ന് ശ്രീ.ജഗ്‌ദീപ് ധൻഖർ അറിയിച്ചു. അന്വേഷണത്തിൽ എതിർപ്പില്ലെന്ന് രാജ്യസഭാ പ്രതിപക്ഷ നേതാവ് മല്ലികാർജ്ജുൻ ഖാർഗെ പറഞ്ഞു. അതെ സമയം , സഭയിലേക്ക് വരുമ്പോൾ അഞ്ഞൂറ് രൂപയുടെ ഒരു നോട്ടു മാത്രമേ താൻ കയ്യിൽ കരുതാറുള്ളൂ എന്ന് കോൺഗ്രസ് എം പി അഭിഷേക് സിംഗ്‌വി വ്യക്തമാക്കി . രാജ്യസഭയിൽ നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്.

============================================================

**PM ASTALEKSHMI**

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ അഷ്ടലക്ഷ്മി മഹോത്സവം ഉദ്ഘാടനം ചെയ്യും. എട്ട് വടക്കു-കിഴക്കൻ സംസ്ഥാനങ്ങളിലെ സംസ്കാരം, വസ്ത്ര വ്യവസായം, കരകൗശല വസ്തുക്കൾ, വിനോദസഞ്ചാര സാധ്യതകൾ, തനത് ഉൽപ്പന്നങ്ങൾ എന്നിവ മൂന്ന് ദിവസത്തെ മേളയിൽ പ്രദർശിപ്പിക്കും. വടക്കു-കിഴക്കൻ മേഖലയിലെ കരകൗശല തൊഴിലാളികൾക്കും നെയ്ത്തുകാർക്കും സംരംഭകർക്കും പുതിയ അവസരങ്ങൾ സൃഷ്ടിക്കുകയാണ് പരിപാടിയുടെ ലക്ഷ്യം.

============================================================

**DAY RBI-MONETARY -(INTRO)**

അടിസ്ഥാന ബാങ്കിങ്ങ് നിരക്കുകളിൽ തുടർച്ചയായ 11ാ‍ാം തവണയും മാറ്റം വരുത്താതെ ആർ.ബി.ഐ. റിപ്പോ നിരക്ക് 6.5% ആയി തുടരുമെന്ന് ദ്വൈമാസ ധനനയം പ്രഖ്യാപിച്ചുകൊണ്ട് റിസർവ് ബാങ്ക് ഗവർണർ ശക്തികാന്ത ദാസ് അറിയിച്ചു. വിലക്കയറ്റം നിയന്ത്രിക്കുകയാണ് തീരുമാനത്തിലൂടെ ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞു.

**(HOLD BYTE..........)**

ബാങ്കിങ് സംവിധാനത്തിൽ പണലഭ്യത ഉറപ്പാക്കുന്നതിനുള്ള സ്റ്റാൻഡിങ് ഡെപ്പോസിറ്റ് ഫെസിലിറ്റി നിരക്ക് 6.25 ശതമാനത്തിലും മാർജിൻ സ്റ്റാൻഡിങ് ഫെസിലിറ്റി നിരക്കും 6.75 ശതമാനത്തിലും തുടരും. ഈ സാമ്പത്തിക വർഷത്തിലെ ജി.ഡി.പി വളർച്ച 6.6 ശതമാനമാണ് പ്രതീക്ഷിക്കുന്നതെന്നും ആർ.ബി.ഐ ഗവർണർ വ്യക്തമാക്കി.

============================================================

**MAHAPARINIRVAN**

69-ാമത് മഹാ പരിനിർവാൺ ദിവസിൽ ഡോ. ബി.ആർ അംബേദ്കറിന് രാജ്യത്തിൻറെ ശ്രദ്ധാഞ്ജലി. പാർലമെൻറ് മന്ദിര സമുച്ചയത്തിലെ പ്രേരണാ സ്ഥലിൽ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭാ സ്പീക്കർ ഓം ബിർള, പ്രതിപക്ഷ നേതാവ് മല്ലികാർജുൻ ഖർഗേ തുടങ്ങിയ നേതാക്കൾ പുഷ്പങ്ങൾ അർപ്പിച്ചു. ഇന്ത്യൻ ഭരണഘടനാ ശില്പി ഡോ. ബി.ആർ അംബേദ്കറിൻറെ ചരമവാർഷിക ദിനമാണ് രാജ്യം മഹാ പരിനിർവാൺ ദിവസമായി ആചരിക്കുന്നത്. സാമൂഹ്യ നീതിയുടെ പ്രതീകമായിരുന്നു അദ്ദേഹമെന്നും, തുല്യതയ്ക്കായി ഡോ. ബി.ആർ അംബേദ്കർ നടത്തിയ പോരാട്ടങ്ങൾ തലമുറകളെ പ്രചോദിപ്പിക്കുന്നതായും പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. അദ്ദേഹത്തിൻറെ ദർശനങ്ങൾ സാക്ഷാത്കരിക്കാൻ രാജ്യം പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം പറഞ്ഞു.

============================================================

**PREZ**

ഡോ ബി ആർ അംബേദ്കറുടെ ചരമവാർഷികദിനത്തിൽ ആദരാഞ്ജലികൾ അർപ്പിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു. ഭുവനേശ്വറിലെ അംബേദ്കർ പ്രതിമയിൽ രാഷ്ട്രപതി പുഷ്പചക്രം അർപ്പിച്ചു. ഒഡീഷ ഗവർണർ രഘുബർ ദാസുൾപ്പെടെയുള്ള പ്രമുഖർ രാഷ്ട്രപതിക്കൊപ്പം ഉണ്ടായിരുന്നു.

ഒഡീഷ സന്ദർശനം തുടരുന്ന ശ്രീമതി മുർമു, ഇന്നും നാളെയും മയൂർഭഞ്ജ് ജില്ലയിലെ നിരവധി പരിപാടികളിൽ പങ്കെടുക്കും.

================================================================

## WAYANAD CENTRE

വയനാട് ദുരന്തത്തിൽ സംസ്ഥാനം വിശദമായ നിവേദനം നൽകിയത് മൂന്നര മാസങ്ങൾക്ക് ശേഷമാണെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ. പ്രിയങ്കാ ഗാന്ധി എംപിയ്ക്ക് നൽകിയ മറുപടിയിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. വയനാട് പാക്കേജുമായി ബന്ധപ്പെട്ട് കേരളത്തിൽ നിന്നുള്ള എം.പി മാർ ശ്രീ അമിത്ഷായുമായി കൂടിക്കാഴ്ച നടത്തിയതോടനുബന്ധിച്ചാണ് മറുപടി. കേരളം 2,219 കോടി രൂപയുടെ പാക്കേജാണ് ആവശ്യപ്പെട്ടത്. ഇതുവരെ 291 കോടി രൂപയുടെ സഹായം സംസ്ഥാനത്തിന് നൽകിയെന്നും അദ്ദേഹം പറഞ്ഞു.

================================================================

## NADDA-TB CAMPAIGN

രാജ്യത്തെ ക്ഷയരോഗ വെല്ലുവിളികൾ നേരിടുന്നതിനും, മരണനിരക്ക് കുറയ്ക്കുന്നതിനുമായി നൂറ് ദിവസത്തെ ഊർജ്ജിത പ്രചാരണ പരിപാടിക്ക് കേന്ദ്ര ആരോഗ്യ മന്ത്രി ജെപി നഡ്ഡ നാളെ ഹരിയാനയിൽ തുടക്കം കുറിക്കും. ക്ഷയരോഗം ഇല്ലാതാക്കുന്നതിനുള്ള കേന്ദ്ര സർക്കാരിൻറെ പ്രതിബദ്ധതയുടെ ഭാഗമായാണ് രാജ്യത്തെ 347 ജില്ലകളിൽ ക്യാമ്പെയിൻ സംഘടിപ്പിക്കുന്നത്. ക്ഷയരോഗം തടയുന്നതിനും, കണ്ടെത്തുന്നതിനും, ചികിത്സിക്കുന്നതിനുമുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന് വിപുലമായ നടപടികളാണ് ആരോഗ്യ മന്ത്രാലയം സ്വീകരിച്ചു വരുന്നത്.

================================================================

## S JAISANKAR INDIA – JAPAN (INTRO)

അന്താരാഷ്ട്ര സഹകരണത്തിലെ ഏറ്റവും പ്രധാനപ്പെട്ട കൂട്ടായ്മയായി ക്വാഡ് സഖ്യം ഉയർന്നുവന്നതായി കേന്ദ്ര വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ. ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ഇന്ത്യ-ജപ്പാൻ ഫോറത്തിൻറെ ഉദ്ഘാടന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

**(ഹോൾഡ്..........)**

സ്വതന്ത്രവും തുറന്നതുമായ ഇന്തോ-പസഫിക്ക് സഹകരണത്തെ പിന്തുണയ്ക്കുന്നതിൽ ഇന്ത്യ-ജപ്പാൻ പങ്കാളിത്തം പ്രധാന പങ്ക് വഹിക്കുന്നുണ്ടെന്നും ശ്രീ ജയശങ്കർ പറഞ്ഞു.

==========================================================

## PRADHAN-EVIDYA CHANNEL

ഇന്ത്യൻ ആംഗ്യഭാഷയ്ക്കായുള്ള പിഎം ഇ -വിദ്യ ചാനൽ- 31 കേന്ദ്രമന്ത്രി ധർമേന്ദ്ര പ്രധാൻ ഇന്ന് ഡൽഹിയിൽ പ്രകാശനം ചെയ്യും. ഇന്ത്യൻ ആംഗ്യഭാഷയെ സ്കൂൾ പാഠ്യവിഷയമാക്കാനും കൂടുതൽ പേരിലേക്ക് എത്തിക്കാനുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

==========================================================

## SONOWAL – PRESS CONF

വിക്സിത് ഭാരത്- 2047 വീക്ഷണം യാഥാർത്ഥ്യമാക്കുന്നതിൽ വടക്ക്-കിഴക്കൻ സംസ്ഥാനങ്ങൾക്ക് നിർണായക പങ്ക് വഹിക്കാനാകുമെന്ന് കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ. തെക്കുകിഴക്കൻ ഏഷ്യയുടെ വികസന കേന്ദ്രമായി മാറാനും ഈ സംസ്ഥാനങ്ങൾക്ക് സാധിക്കുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. - പ്രധാനമന്ത്രി നരേന്ദ്ര മോദിയും കേന്ദ്രമന്ത്രിമാരും വടക്കുകിഴക്കൻ സംസ്ഥാനങ്ങളോട് പുലർത്തുന്ന താത്പര്യം ജനങ്ങളെ ശാക്തീകരിക്കുന്നതിന്ന് കാരണമായതായും ശ്രീ സോനോവാൾ പറഞ്ഞു.

==========================================================

## MARTYRDOM DAY

ഒൻപതാമത് സിഖ് ഗുരു തേഗ് ബഹാദൂറിൻറെ 349-ാം മത് രക്തസാക്ഷിത്വ ദിനം രാജ്യമിന്ന് ഭക്ത്യാദരപൂർവ്വം ആചരിക്കുന്നു. വിവിധ ഗുരുദ്വാരകളിൽ ആയിരക്കണക്കിന് വിശ്വാസികൾ അദ്ദേഹത്തിന് ആദരം അർപ്പിക്കാനായെത്തി. അന്നദാനം ഉൾപ്പെടെയുള്ള പരിപാടികളും ദിനാചരണത്തിൻറെ ഭാഗമായി നടന്നു.

==========================================================

## ALAPPUZHA ACCIDENT

ആലപ്പുഴ കളർകോട് അപകടത്തിൽ പരിക്കേറ്റ് ചികിൽസയിൽ ഇരിക്കെ മരിച്ച ആൽവിന്റെ പൊതുദർശനം വണ്ടാനം മെഡിക്കൽ കോളേജിൽ നടന്നു. മന്ത്രി പി. പ്രസാദ്, H സലാം MLA , കളക്ടർ അലക്സ് വർഗ്ഗീസ് തുടങ്ങിയവർ അന്തിമോപചാരം അർപ്പിച്ചു. സംസ്കാര ചടങ്ങുകൾ തിങ്കളാഴ്ച സെൻറ് ജോർജ് ഫൊറോന പള്ളി സെമിത്തേരിയിൽ നടക്കും.

==========================================================

## KOZHIKODE OIL

കോഴിക്കോട് എലത്തൂർ ഹിന്ദുസ്ഥാൻ പെട്രോളിയം ഡിപ്പോയിൽ നിന്ന് ഇന്ധനച്ചോർച്ചയുണ്ടായ സംഭവത്തിൽ ജലാശയങ്ങൾ ശുചീകരിക്കുന്ന നടപടികൾ തുടങ്ങി. ഇന്ധനം മണ്ണിൽ കലർന്ന ഇടങ്ങളിൽ മണ്ണ് മാറ്റി വൃത്തിയാക്കേണ്ട സാഹചര്യമുണ്ടായാൽ അതിനുള്ള നടപടികൾ ഏറ്റെടുക്കാനും എച്ച്പിസിഎല്ലിന് നിർദേശം നൽകിയിട്ടുണ്ട്.

==========================================================

## DELHI-POLLUTION

ഡൽഹിയിൽ വായുഗുണനിലവാരം മെച്ചപ്പെട്ട നിലയിൽ. വായുഗുണനിലവാര സൂചികയിൽ ഇന്ന് 186 ആണ് ശരാശരി നിരക്ക് രേഖപ്പെടുത്തിയത്. എന്നാൽ ചിലയിടങ്ങളിൽ വായുഗുണനിലവാരം 200 ന് മുകളിലാണ്. അടുത്ത

രണ്ടുദിവസം ഡൽഹിയിൽ പുകമഞ്ഞും മൂടൽ മഞ്ഞും അനുഭവപ്പെടാൻ സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥാ നിരീക്ഷണകേന്ദ്രം അറിയിച്ചു.

==========================================================

## CRICKET

ബോർഡർ - ഗവാസ്കർ ട്രോഫി ടെസ്റ്റ് ക്രിക്കറ്റിൽ, ഇന്ത്യയും ഓസ്ട്രേലിയയും തമ്മിലുള്ള രണ്ടാം മത്സരം പുരോഗമിക്കുന്നു. ടോസ് നേടിയ ഇന്ത്യ ബാറ്റിംഗ് തെരഞ്ഞെടുത്തു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യ 5 വിക്കറ്റ് നഷ്ടത്തിൽ 100 റൺസ് എന്ന നിലയിലാണ്. അഞ്ച് മത്സരങ്ങളടങ്ങിയ പരമ്പരയിൽ നിലവിൽ ഇന്ത്യ 1-0 ന് മുന്നിലാണ്.

==========================================================

## ISL

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് പഞ്ചാബ് എഫ്.സി, മൊഹമ്മദൻ എസ്.സി യെ നേരിടും. രാത്രി 7.30 ന് ന്യൂഡൽഹിയിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം.

==========================================================

## WRESTLING

ദേശീയ സീനിയർ ഗുസ്തി ചാമ്പ്യൻഷിപ്പ് ബംഗളൂരുവിലെ കോറമംഗല ഇൻഡോർ സ്റ്റേഡിയത്തിൽ ഇന്ന് ആരംഭിക്കും. രാജ്യത്തെ മുൻ നിര താരങ്ങൾ ഉൾപ്പെടെ 700-ലധികം കായിക താരങ്ങൾ പങ്കെടുക്കും.

==========================================================

**FRANCE PREZ- NEW PM**

ഫ്രാൻസിൻറെ പുതിയ പ്രധാനമന്ത്രിയെ വരും ദിവസങ്ങളിലും പ്രഖ്യാപിക്കുന്ന് പ്രസിഡൻറ് ഇമ്മാനുവേൽ മാക്രോ. പാർലമെൻറിൽ വിശ്വാസവോട്ടെടുപ്പിൽ പരാജയപ്പെട്ടതിനെത്തുടർന്ന് ഫ്രഞ്ച് പ്രധാനമന്ത്രി മിഷേൽ ബാർനിയെ രാജിവച്ചതിനെ തുടർന്നാണ് തീരുമാനം. ഇന്നലെ രാഷ്ട്രത്തെ അഭിസംബോധനം ചെയ്ത പ്രസിഡൻറ്, താൻ രാജിവയ്ക്കണമെന്ന പ്രതിപക്ഷ ആവശ്യം നിരസിക്കുകയും 2027-ൽ കാലാവധി തീരും വരെ തുടരുമെന്ന് വ്യക്തമാക്കുകയും ചെയ്തിരുന്നു.

==========================================================

**BHUTAN**

രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ ഭൂട്ടാൻ രാജാവ് ജിഗ്മേ ഖേസർ നാംഗ്യേൽ വാങ്ചുക്കും രാജ്ഞി ജെറ്റ്സൺ പേമ വാങ്ചുക്കും പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഭൂട്ടാൻറെ പുരോഗതിക്കും പ്രാദേശിക വികസനത്തിനും വേണ്ടിയുള്ള വാങ്ചുക്കിൻറെ കാഴ്ചപ്പാടിനെ മോദി അഭിനന്ദിച്ചു. ഇരു രാജ്യങ്ങളും തമ്മിലുള്ള പങ്കാളിത്തം ശാശ്വതമായി മുന്നോട്ട് കൊണ്ടുപോകാൻ പ്രതിജ്ഞാബദ്ധമാണെന്ന് സമൂഹമാധ്യമ പോസ്റ്റിൽ പ്രധാനമന്ത്രി പറഞ്ഞു.

==========================================================

==========================================================

==========================================================